**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1347** **19-09-2025 - ൽ മറുപടിയ്ക്ക്**

**നാദാപുരം മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ബജറ്റിൽ തുക വകയിരുത്തിയ അരൂണ്ട –ഒറ്റത്താണി പാലം, ചോയിതോട് പാലം എന്നിവയ്ക്ക് ഭരണാനുമതി ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | അരുണ്ട ഒറ്റത്താണി പാലം നിർമ്മാണത്തിനായി 2025-26 ബഡ്ജറ്റിൽ (ക്രമ.നം.1534) പ്രകാരം 20% തുക വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പാലം നിർമ്മാണത്തിനായി 4,80,50,000 രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ചത് നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.<br><br>ചോയിത്തോട് പാലം നിർമ്മാണത്തിനായി 2024-25 ബഡ്ജറ്റിൽ 20% തുക വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാക്കി ഡിസൈൻ വിഭാഗത്തിൽ നിന്നും ലഭിച്ച TGD യുടെ അടിസ്ഥാനത്തിൽ 2,73,30,000 രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി തയ്യാറാക്കിയിട്ടുണ്ട് |
| (ബി) | മരുതോങ്കര ഗ്രാമ പഞ്ചായത്തിലെ മുണ്ടാക്കുറ്റി പാലത്തിന് ഭരണാനുമതി ലഭിച്ച് ഏറെ മാസങ്ങളായിട്ടും സാങ്കേതിക അനുമതി ലഭിക്കാൻ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ? | (ബി) | മുണ്ടക്കുറ്റി പാലം നിർമ്മാണത്തിനായി 29/12/2024 തീയതിയിലെ സ ഉ (സാധാ)നം.1349/2024/PWD തീയതി പ്രകാരം ഭരണാനുമതിയും 07//04/2025 തീയതിയിലെ ഉത്തരവ് പ്രകാരം സാങ്കേതികാനുമതിയും നൽകിയിട്ടുള്ളതുമാണ്. പുതിയ പാലത്തിനും അപ്രോച്ച് റോഡിനും നിലവിലുള്ള പാലത്തിന്റെ അലൈൻമെന്റുമായി ചെറിയ വ്യതിയാനമുണ്ട്. ഇത് ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ സ്ഥലത്തു കൂടിയാണ് കടന്ന് പോകുന്നത്. അതിനാൽ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ അനുമതി (NOC) ആവശ്യമായിരുന്നു. 12//09/2025 തീയ്യതിയിൽ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ അനുമതി ലഭ്യമായിട്ടുണ്ട്. നിലവിൽ പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ